## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1864 04-10-2011 ൽ മറുപടിക്ക്

### സോമില്ലുകൾക്ക് എൻ.ഒ.സി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | തടിയധിഷ്ഠിത വ്യവസായങ്ങൾ നടത്തുന്നതിനായി 2002-ന് മുമ്പ് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) ലൈസൻസ് ലഭിച്ചിട്ടുള്ളവർക്ക് " നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് " നൽകുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ഇല്ല. |
| ബി) | ഏതു ദിവസം വരെ ലഭിച്ച അപേക്ഷകളിൽ എൻ.ഒ.സി. നൽകി; | ബി) | 31-03-2011 വരെ ലഭിച്ച അപേക്ഷകളിൽ അന്വേഷണം പൂർത്തിയാക്കി യോഗ്യമായ അപേക്ഷകളിലെല്ലാം സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി നിരാക്ഷേപ സാക്ഷ്യപത്രം നൽകി വരുന്നു. |
| സി) | 2011 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സോമില്ലുകളിൽ നിന്ന് അപേക്ഷ ലഭിച്ചു; | സി) | 2011 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് ആകെ 5 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.<br>1. എസ്.ജി. സാമിൽ, എരുത്താവൂർ, റസ്സൽപുരം. |

2. ദീപ സോമിൽ ആൻറ് ഫർണിച്ചർ, മുണ്ടയ്ക്കൽ.
3. ആര്യ ഇൻഡസ്ട്രീസ്, കുളത്തൂർ, കഴക്കൂട്ടം.
4. ദേവി സോമിൽ, മണ്ണന്തല, തിരുവനന്തപുരം.
5. പ്രവീൺ സാമിൽ, മുള്ളുവിള, വെഞ്ഞാറമൂട്.

| | |
|---|---|
| ഡി) എൻ.ഒ.സി. നൽകാൻ ഏതൊക്കെ സോമില്ലുകളുടെ അപേക്ഷകളാണ് പരിഗണനയിലുള്ളത്; അവയ്ക്ക് എപ്പോൾ എൻ.ഒ.സി. നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ഡി) 31-03-2011 വരെ തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് നിരാക്ഷേപ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച 9,668 അപേക്ഷകളിലും അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 30-10-2002 ന് മുമ്പ് പ്രവർത്തിച്ചു വരുന്ന സാമിൽ യൂണിറ്റുകൾക്ക് ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നുണ്ട്. 30-10-2002 ന് ശേഷം ആരംഭിച്ച വിവിധയിനം തടികൾ ഉപയോഗിച്ചുള്ള ഈർച്ചമില്ലുകളുടെ എൻ.ഒ. സി.ക്കായുള്ള അപേക്ഷകളിൽ, സംസ്ഥാനത്ത് ലഭ്യമായ തടികളുടെയും നിലവിലുള്ള ഈർച്ചമില്ലുകൾക്ക് ആവശ്യമായ തടികളുടെയും ലഭ്യത തിട്ടപ്പെടുത്തിയ ശേഷം സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടുകൂടി നടപടികൾ സ്വീകരിക്കുന്നതാണ്. |

.........3

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത എൻ.ഒ.സി. ലഭ്യമാക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സോമില്ലുകൾക്ക് 2011-12 ലെ ലൈസൻസ് പുതുക്കി നൽകുന്നില്ല എന്നത് പരിഗണിച്ച് എൻ.ഒ.സി. ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ? | ഇ) | സുപ്രീം കോടതിയുടെ അംഗീകാരത്തിന് വിധേയമായി നിലവിൽ സെൻട്രൽ എംപവേർഡ് കമ്മിറ്റി രൂപീകരിച്ച സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് എൻ.ഒ.സി. നൽകി വരുന്നത്. സെൻട്രൽ എംപവേർഡ് കമ്മിറ്റി മീറ്റിംഗുകളുടെ തീരുമാനപ്രകാരം സീനിയോറിറ്റി അനുസരിച്ചാണ് എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. അന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതും 31-03-2011 വരെ ലഭിച്ചിട്ടുള്ളതും മതിയായ രേഖകൾ ഹാജരാക്കിയിട്ടുള്ളതുമായ യോഗ്യമായ അപേക്ഷകളിൽ നിരാക്ഷേപ സാക്ഷ്യ പത്രം നൽകി വരികയാണ്. മതിയായ രേഖകൾ സമർപ്പിക്കാത്ത അപേക്ഷകർക്കായി ആഗസ്റ്റു മാസത്തിലെ വിവിധ തീയതികളിലായി ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി. 31-03-2011 നു ശേഷം ലഭ്യമായ അപേക്ഷകൾ സീനിയോറിറ്റി അനുസരിച്ച് നമ്പരിട്ട് ക്രമീകരിച്ചു വരികയാണ്. ടി അപേക്ഷകളിലും അടിയന്തിരമായി അന്വേഷണം നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ